I/6124855/2024

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നമ്പർ.പിഎഡി-ബി1/19/2024-പിഎഡി
പാർലമെന്ററികാര്യ(ബി) വകുപ്പ്
തിരുവനന്തപുരം
തീയതി: 21-03-2024

<u>പരിപത്രം</u>

വിഷയം:- പാർലമെന്ററികാര്യ വകുപ്പ്- പതിനഞ്ചാം കേരള നിയമസഭ-ഹർജികൾ സംബന്ധിച്ച സമിതി (2021-23)- രണ്ടാമത് റിപ്പോർട്ട് - സമിതി ശിപാർശകൾ-കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയുടെ 13.02.2024-ലെ 6825/ഹർജിഎ4/2021/നി.സെ നമ്പർ കത്ത്.

ഹർജികൾ സംബന്ധിച്ച സമിതിയുടെ (2021-23) രണ്ടാമത് റിപ്പോർട്ടിലെ പൊതുശിപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റിപ്പോർട്ടിനായി സർക്കാരിലേക്ക് അയയ്ക്കുന്ന ഹർജികൾ അവ കൈകാര്യം ചെയ്യുന്ന വകുപ്പുകളിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് യഥാസമയം നൽകുന്നുണ്ടെന്നും പ്രസ്തുത ഹർജികളിന്മേൽ യഥാസമയം തുടർനടപടി സ്വീകരിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്കു ലഭ്യമാക്കുന്നുണ്ടെന്നും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.
2. സമിതി തെളിവെടുപ്പ് യോഗം ചേരുന്നതിന്റെ തലേ ദിവസമോ അന്നേ ദിവസമോ റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന പ്രവണത അവസാനിപ്പിക്കേണ്ടതും ഹർജികളിന്മേലുള്ള റിപ്പോർട്ടുകൾ ചട്ടപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കേണ്ടതും വകുപ്പുകളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ സമിതി മുൻനപാകെ ലഭ്യമാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ/വകുപ്പ് മേധാവിമാർ ഉറപ്പുവരുത്തേണ്ടതുമാണ്.
3. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർക്ക് ഒഴിവാക്കുവാൻ പറ്റാത്ത സാഹചര്യത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്ത പക്ഷം അക്കാര്യം, കാരണം വ്യക്തമാക്കിക്കൊണ്ട്, രേഖാമൂലം ബഹു.സമിതി ചെയർമാനെ മുൻകൂറായി അറിയിക്കേണ്ടതാണ്.
4. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്ന മറ്റ് ഉദ്യോഗസ്ഥർ ഹർജി വിഷയത്തിൽ വേണ്ടത്ര പഠനം നടത്തി ആയത് പരിഹരിക്കുവാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങളുമായി സമിതി യോഗങ്ങളിൽ ഹാജരാകേണ്ടതും അക്കാര്യം വകുപ്പ് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതുമാണ്.
5. ജില്ലാതല യോഗങ്ങളിൽ ജില്ലയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തേണ്ടതും മതിയായ കാരണമില്ലാതെ സമിതി യോഗങ്ങളിൽ നിന്നും വിട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.
6. സമിതി മുമ്പാകെ ലഭിക്കുന്ന പരാതികളിന്മേൽ ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് സമിതിക്ക് ഉറപ്പ് നൽകിയിട്ടും നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തവയിൽ

I/6124855/2024

അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. വീഴ്ച വരുത്തുന്നത് ബഹു.നിയമസഭാ സ്പീക്കറുടെ 03-08-2021-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിലുള്ള കർശനനടപടികൾക്ക് കാരണമാകുന്നതാണ്.

7. ഹർജികളിന്മേലുള്ള റിപ്പോർട്ട്, സമിതി ആവശ്യപ്പെടുന്ന അധിക വിവരങ്ങൾ, സമിതിയുടെ ശിപാർശകളിന്മേലും, നിർദ്ദേശങ്ങളിന്മേലുമുള്ള റിപ്പോർട്ട് എന്നിവ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ തന്നെ സമിതിക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ വിവിധ വകുപ്പുകളിലെ പാർലമെന്റ് സെക്ഷനുകൾ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

ഡോ. വേണു വി ഐഎഎസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി /സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).

വിവര പൊതുജനസമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Legimol M J
Date: 21-03-2024 13:16:00

സെക്ഷൻ ഓഫീസർ.

പകർപ്പ് :-

ബഹു. പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.

പാർലമെന്ററികാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്

പാർലമെന്ററികാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്